**കേരളകാർഷിക സർവ്വകലാശാല**

**കശുമാങ്ങ ഗവേഷണ കേന്ദ്രം,മാടക്കത്തറ**

**സി.ആർ.എം – 1153/17** **തിയ്യതി – 11/08/2017**

മാടക്കത്തറ കശുമാവ് ഗവേഷണകേന്ദ്രത്തിലെ കശുമാങ്ങ സംസ്ക്കരണ യൂണിറ്റിലേക്ക് 01/09/2017 മുതൽ 31/08/2018 വരെയുള്ള കാലയളവിലേക്ക് താഴെ പ്രതിപാദിച്ചിരിക്കുന്ന ജോലികൾ ചെയ്യുന്നതിന് നിർദ്ദിഷ്ട യോഗ്യതകൾ ഉള്ള തൊഴിലാളികളെ കരാർ അടിസ്ഥാനത്തിൽ ലഭ്യമാക്കുവാൻ തയ്യാറുള്ളവരിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.തൊഴിലാളികൾ പഴസംസ്ക്കരണം/കശുമാങ്ങ സംസ്ക്കരണവുമായി ബന്ധപ്പെട്ട ജോലിയിൽ പ്രാവീണ്യം നേടിയവരും പരിശീലനം ലഭിച്ചവരോ ആയിരിക്കണം.

ജോലിയുടെ വിവരണം(സ്കിൽഡ് വർക്ക്)

1. കശുമാങ്ങ ഉല്പ്പന്നങ്ങളായ സിറപ്പ്, അച്ചാർ, ജാം, ക്യാൻഡി, ചോക്ളേറ്റ്, സോഡ, ഡ്രിങ്ക്, എന്നവയുടെ ഉല്പാദനം കൂടാതെ നെല്ലിക്ക അച്ചാർ, നാരങ്ങ അച്ചാർ, വെളുത്തുള്ളി അച്ചാർ, മിക്സഡ് ഫ്രൂട്ട് ജാം, പാഷൻ ഫ്രൂട്ട് സിറപ്പ്, പൈനാപ്പിൾ സ്ക്വാഷ്, ജാം എന്നിങ്ങനെ ഉത്തരവാദിത്വപ്പെട്ട ഓഫീസർ പറയുന്ന എല്ലാ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും ഉണ്ടാക്കി വേണ്ട വിധത്തിൽ പാക്ക് ചെയ്ത്, സീൽ ചെയ്ത്, ലാബൽ ചെയ്ത് എണ്ണിതിട്ടപ്പെടുത്തി സെയിൽസ് കൗണ്ടറിൽ കൊണ്ടുവെക്കുക.
2. കശുമാങ്ങയുടെ സീസണിൽ മാങ്ങ ശേഖരിക്കുക, കറകളയുക, നീരെടുക്കുക, നീര്, പൾപ്പ്, മാങ്ങ എന്നിങ്ങനെ സംസ്ക്കരണ യൂണിറ്റിലേക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ വൃത്തിയോടെയും കേടുവരാതെയും സൂക്ഷിക്കുക.
3. കശുമാങ്ങ സംസ്ക്കരണ യൂണിറ്റും പരിസരവും വൃത്തിയായി സൂക്ഷിക്കുക, പാത്രങ്ങളും കുപ്പികളും, മറ്റു കണ്ടെയ്നറുകളും യഥാസമയം കഴുകി വൃത്തിയാക്കി അണുവിമുക്തമായി സൂക്ഷിക്കുക.
4. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അതാത് സമയങ്ങളിൽ ഏൽപ്പിക്കുന്ന മറ്റ് ജോലികൾ.

വ്യവസ്ഥകൾ

1. പ്രൊസസ്സിങ്ങ് യൂണിറ്റിൽ നിന്നും ആവശ്യപ്പെടുന്ന സമയപരിധിക്കുള്ളിൽ നിർബന്ധമായും ജോലികൾ ചെയ്ത് തരേണ്ടതാണ്.
2. കരാറുകൾ ഏറ്റെടുക്കുന്ന കരാറുകാർ ആവശ്യപ്പെടുന്ന എണ്ണം സ്ത്രീ തൊഴിലാലികളെ അതാതു ദിവസം തന്നെ കൃത്യമായും നിർബന്ധമായും വിതരണം ചെയ്യേണ്ടതാണ്.
3. പണികൾ തീർക്കുന്നതിലോ തൊഴിലാളികളെ വിതരണം ചെയ്യുന്നതിലോ കാലതാമസം വരുത്തുന്നതു മൂലം സർവ്വകലാശാലക്ക് എന്തെങ്കിലും തരത്തിലുള്ള നഷ്ടം ഉണ്ടായാൽ അത് കരാറുകാരിൽ നിന്നും ഈടാക്കുന്നതാണ്.
4. ദിവസേനെ ആവശ്യമുള്ള തൊഴിലാളികളുടെ എണ്ണം കരാറുകാരൻ ബന്ധപ്പെട്ട ഓഫീസിൽ നിന്നും എല്ലാ ദിവസവും ശേഖരിക്കേണ്ടതാണ്.
5. ലേല നോട്ടീസിൽ ആവശ്യപ്പെട്ട പ്രകാരം ജോലിയുടെ ഗുണനിലവാരം ഉറപ്പുവരുത്തണം.
6. തൊഴിലാളികൾ ദിവസം 8 മണിക്കൂർ ജോലി ചെയ്യേണ്ടതാണ്.
7. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അതാത് സമയങ്ങളിൽ ഏൽപ്പിക്കുന്ന എല്ലാ ജോലികളും ചെയ്യുവാൻ തൊഴിലാളികൾ ബാധ്യസ്ഥരായിരിക്കും.
8. സംസ്ക്കരണ യൂണിറ്റിലേക്ക് എഫ്.എസ്.എസ്.എ.ഐ രജിസ്ട്രേഷൻ പ്രകാരം നിർദ്ദേശിക്കുന്ന എല്ലാ നിബന്ധനകളും പാലിക്കണം.
9. കരാർ പണികൾ പ്രവൃത്തി ദിവസങ്ങളിലും പ്രവൃത്തി സമത്തും ചെയ്യേണ്ടതാണ്.
10. ഈ കരാറുമായി ബന്ധപ്പെട്ട് സർക്കാരിലേക്ക് അടക്കേണ്ട സേവന നികുതി(1%) ബില്ലിൽ നിന്നും ഈടാക്കുന്നതാണ്.ഇതിനു പുറമെ മറ്റേതെങ്കിലും നികുതികൾ അടക്കേണ്ടതുണ്ടെങ്കിൽ , അത് കരാറുകാരൻ തന്നെ അടക്കേണ്ടതാണ്.അനുവദിച്ചിട്ടുള്ള ജോലി ക്വട്ടേഷൻ വ്യവസ്ഥകൾ അനുസരിച്ച് ചെയ്യാൻ തയ്യാറാണെന്നുള്ള ഒരു സമ്മത പത്രം കരാറുകാരൻ സമർപ്പിക്കേണ്ടതാണ്.
11. ക്വട്ടേഷൻ വ്യവസ്ഥകളിൽ വീഴ്ച്ച വരുത്തിയാൽ ജോലിക്കുള്ള പ്രതിഫലം തടഞ്ഞുവെക്കുവാനും ക്വട്ടേഷൻ റദ്ദാക്കുവാനും സെക്യൂരിറ്റി നിക്ഷേപത്തിൽ നിന്നും നഷ്ട പരിഹാരം ഈടാക്കുവാനും ഗവേഷണ കേന്ദ്രം മേധാവിക്ക് അധികാരമുണ്ടായിരിക്കും.

12. സർക്കാർ ക്വട്ടേഷനുകൾക്കുള്ള എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്.
13. ഈ ക്വട്ടേഷൻ പ്രകാരം ജോലി ചെയ്യുന്നതിന്റെ സർവ്വകലാശാലയിലെ യാതൊരു വിധ നിയമന ത്തിനും പ്രത്യേക അവകാശം ഉണ്ടായിരിക്കുന്നതല്ല.
14. തൊഴിലാളികൾ കാർഷികസർവ്വകലാശാലയിലെ നിയമങ്ങൾക്ക് വിധേയമായി പ്രവൃത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമാണ്.
15. കാർഷിക സർവ്വകലാശാലയുടെ അന്തസിന് നിരക്കാത്ത പ്രവൃത്തികൾ കരാർ തൊഴിലാളികളിൽ നിന്ന് ഉണ്ടായാൽ അവരുടെ സേവനം അവസാനിപ്പിക്കുവാൻ ഗവേഷണകേന്ദ്രം മേധാവിക്ക് അധികാരമുണ്ടായിരിക്കും.
16. ഇ.എസ്.ഐ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ചും, തൊഴിൽ നിയമങ്ങളിൽ ഭാവിയിൽ ഉണ്ടായേക്കാവുന്ന മാറ്റങ്ങൾക്കനുസരിച്ചും, കേരള കാർഷിക സർവ്വകലാശാല കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളും നിർദ്ദേശങ്ങളും പാലിക്കുവാൻ കരാറുകാൻ ബാദ്ധ്യസ്ഥനാണ്.

മുദ്രവെച്ച ക്വട്ടേഷനുകൾ **21/08/2017** തിയ്യതി രാവിലെ **11.00** മണിക്ക് മുൻപായി ഗവേഷണകേന്ദ്ര മേധാവി,കശുമാങ്ങ ഗവേഷണ കേന്ദ്രം, മാടക്കത്തറ എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്. ക്വട്ടേഷൻ സമർപ്പിക്കുന്ന ജോലിയുടെ പേര് കവറിന് പുറത്ത് എഴുതണം. ക്വട്ടേഷനുകളോടൊപ്പം നിരതദ്രവ്യമായി **2000/-** രൂപ ഓഫീസിൽ അടക്കേണ്ടതാണ്. ക്വട്ടേഷനുകൾ രാവിലെ **11.00** മണിക്ക് തന്നെ തത്സമയം സന്നിഹിതരായിട്ടുള്ള കരാറുകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതാണ്.മേൽ പറഞ്ഞിരിക്കുന്ന ജോലി കൾക്ക് ക്വട്ടേഷൻ ലഭിച്ചു കഴിഞ്ഞാൽ **5000/-** രൂപ സെക്യൂരിറ്റി നിക്ഷേപമായി അടക്കേണ്ടതാണ്.അനു വദിച്ചിട്ടുള്ള ജോലി ലേല വ്യവസ്ഥകൾ അനുസരിച്ച് തയ്യാറാണെന്നുള്ള ഒരു സമ്മത പത്രം **150** രൂപ യുടെ മുദ്ര പത്രത്തിൽ **25/08/2017** നകം എഴുതി നൽകേണ്ടതാണ്. സെക്യൂരിറ്റി തുക അടക്കുകയും സമ്മതപത്രം സമർപ്പിക്കുകയും ചെയ്താൽ മാത്രമേ കരാർ പണികൾ അനുവദിക്കുകയുള്ളൂ.ക്വട്ടേഷനു കൾ കാരണം കാണിക്കാതെ നിരസിക്കാനുള്ള അധികാരം ഗവേഷണ കേന്ദ്രം മേധാവിയിൽ നിക്ഷിപ്ത മാണ്.

ഒപ്പ്
ഗവേണകേന്ദ്രം മേധാവി

1. നോട്ടീസ് ബോർഡ്
2. " ഹോർട്ടിക്കൾച്ചർ കോളേജ്,വെള്ളാനിക്കര
3. " കാർഷിക ഗവേഷണ കേന്ദ്രം,മണ്ണുത്തി
4. " ഗ്രാമ പഞ്ചായത്ത് ഓഫീസ്,മാടക്കത്തറ
5. " കൃഷി ഭവൻ,ഒല്ലൂക്കര
6. " വില്ലേജ് ഓഫീസ്,വെള്ളാനിക്കര & മാടക്കത്തറ
7. " കെ.എ.യു വെബ്സൈറ്റ്